(ബി) പദ്ധതി നടത്തിപ്പിനുള്ള കൺസൾട്ടന്റിന്റെ നിയമനം വൈകിയതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകിയത്.

(സി) പദ്ധതിയുടെ ഗുണഫലം 2006-07-ൽ ലഭ്യമാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

പേരൂർക്കടയിലെ ഓട്ടോമാറ്റിക് വാട്ടർ വെൻഡിംഗ് ഡിപ്പോട്ട് പദ്ധതി

17 [5391] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഓട്ടോമാറ്റിക് വാട്ടർ വെൻഡിംഗ് ഡിപ്പോട്ട് എന്ന ഒരു പദ്ധതി പേരൂർക്കടയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗമാണോ തീരുമാനിച്ചത്;

(ഡി) ഈ പദ്ധതിയുടെ 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്' പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്ര വരുമെന്നാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിപ്രകാരം വെള്ളത്തിന്റെ വില 1,000 ലിറ്ററിന് എത്ര രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ജി) 1,000 ലിറ്റർ വെള്ളം വിൽക്കുമ്പോൾ സർക്കാരിന് ലഭിക്കുന്ന റോയൽറ്റി എത്ര രൂപയാണ്;

(എച്ച്) ഈ പദ്ധതി സംബന്ധിച്ച നോട്ടിഫിക്കേഷനുകളുടെയും പരസ്യങ്ങളുടെയും കോപ്പികൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—എച്ച്) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റിനും പ്ലാനിംഗ് കമ്മീഷനും സമർപ്പിച്ച പദ്ധതികൾ

18 [5394] ശ്രീ. പി. ജെ. ജോയി:
,, ടി. വി. ചന്ദ്രമോഹൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മത്സ്യ മേഖലയിലുള്ളവർക്ക് ഗുണകരമായ എന്തെല്ലാം പദ്ധതികൾ അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനും പ്ലാനിംഗ് കമ്മീഷനും സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇവയെപ്പറ്റി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവ് വരുമെന്ന് കണക്കാക്കുന്നു;

(ഡി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 505 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 505 കോടി രൂപ.

(ഡി) ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കലാവർ കമ്മിറ്റി ശുപാർശ

19 [5395] ശ്രീ. ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-ലെ കലാവർ കമ്മിറ്റി ശുപാർശകളിൽ ഏതെല്ലാം ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര യന്ത്രവൽകൃത ബോട്ടുകൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൽ പ്രവർത്തനക്ഷമമായിട്ടുള്ള എത്ര യന്ത്രവൽകൃത ബോട്ടുകളുണ്ട്; ഇത് നമ്മുടെ കടൽത്തീരത്തിന് താങ്ങാവുന്നതല്ലെന്ന അഭിപ്രായമുണ്ടോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കലാവർ കമ്മിറ്റി ശുപാർശകളിൽ താഴെ പറയുന്നവ അംഗീകരിച്ചിട്ടുണ്ട്:

1. ട്രോൾ വലകളുടെ കോഡ് എൻഡിമെന്റ് കണ്ണി വലിപ്പം ഏറ്റവും കുറഞ്ഞത് 35 മില്ലീമീറ്റർ ആയിരിക്കണം എന്ന് നിജപ്പെടുത്തി.
2. വിവിധ രീതികളിലുള്ള മത്സ്യബന്ധനത്തിന് കടലിൽ ദൂരപരിധി നിർണ്ണയിച്ചിട്ടുണ്ട്.
3. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്ത് രാത്രികാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly